പുകയില ലൈസൻസ്സ്

*വ ൭൫. (൯) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസു് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പുകയിലവില്പന ലൈസൻസ്സുകൾ എന്നാണു് ഐക്യസംസ്ഥാനത്തിൽ കൊടുത്തു തുടങ്ങിയതു്;

(ബി) ഏതെല്ലാം തരത്തിലുള്ള ലൈസൻസ്സുകളാണു് കൊടുത്തിട്ടുള്ളതു്;

(സി) എല്ലാത്തരം ലൈസൻസ്സുകളും ഒരു തീയതിക്കു് കൊടുത്തുവോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണു്?

വ്യവസായവും, എക്സൈസും, പ്രാദേശിക സ്വയംഭരണവും വകുപ്പു് മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ൧൯൫൦ ആഗസ്റ്റു് ൧൦-ാംനു- മുതൽ.

(ബി) എ. ബി. സി. എന്നു് മൂന്നുതരം ലൈസൻസ്സുകൾ.

(സി) ഇല്ല.

(ഡി) എ-യും ബി-യും ക്ലാസ്സു് ലൈസൻസ്സുകളുടെ എണ്ണം വളരെ കുറവായിരുന്നതിനാൽ അവ വേഗം കൊടുക്കപ്പെട്ടു. സി. ക്ലാസ്സു് ലൈസൻസ്സുകളുടെ എണ്ണം എ-യും ബി-യും ക്ലാസ്സുകളെ അപേക്ഷിച്ചു വളരെ കൂടുതലായിരുന്നതിനാൽ ഒരേതീയതിയിൽ മൂന്നുതരം ലൈസൻസ്സുകളും കൊടുക്കാൻതക്ക സമയമില്ലായിരുന്നു.

പുകയില ലൈസൻസ്സ്

*വ ൭൬. (൧൦) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസു് വകുപ്പു് മന്ത്രി സദയം മറുപടി പറയുമോ.—

(എ) പുകയില ലൈസൻസ്സുകൾ കൊടുത്ത ഓരോ ക്ലാസ്സുകളിലും എത്ര ഉറപ്പിക ൧൯൫൦ സെപ്തംബർമാസം ൧൫-ാംനു-വരെ ഗവൺമെണ്ടിലേക്കു് ലഭിച്ചിട്ടുണ്ടു്;

(ബി) പുകയിലക്കുപ്പു് ലേലവും ലൈസൻസിംഗു് സിസ്റ്റവുമായി ഗവൺമെണ്ടു് വരുമാനത്തിൽ എത്ര വ്യത്യാസം വന്നിട്ടുണ്ടു്;

(സി) താരതമ്യേന രണ്ടും ഒരേതരത്തിലുള്ള പിരിവു് റവന്യൂവിൽ ഉണ്ടാകുമെന്നു പ്രതീക്ഷിക്കാമോ?

വ്യവസായവും, എക്സൈസും, പ്രാദേശിക സ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) എ. ക്ലാസ്സു് ലൈസൻസുഫീസു് ——൨,൫൫൫,൦൦൦ രൂപാ.
ബി. ക്ലാസ്സു് ,, ൫,൦൪,൫൦൦ ,,
സി. ക്ലാസ്സു് ,, ൨,൨൪,൫൫൦ ,,

(ബി) പുകയിലക്കുപ്പു് ലേലത്തിനുപകരം ലൈസൻസിംഗു് സിസ്റ്റം നടപ്പിലാക്കിയതുകൊണ്ടു് ഗവൺമെണ്ടിന്റെ വരുമാനത്തിൽ ഉദ്ദേശം ഒരു ലക്ഷം രൂപയുടെ കുറവുവന്നിട്ടുണ്ടു്.

(സി) പാടില്ല.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: പുകയിലയ്ക്കു് ലൈസൻസ്സുഫീസു് കൂടാതെ ടാക്സ്സു് ഈടാക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly